# ജമാഅത്തിന്റെ ഇടതുപക്ഷ വൈരുദ്ധ്യാധിഷ്ഠിത വാദം

സാലിഷ് വാടാനപ്പള്ളി



മൗദൂദി – ഗോൾവാൾക്കർ – ഹിറ്റ്ലർ അച്ചുതണ്ടിനെതിരെ ഇന്ത്യൻ ജനത ഒരൊറ്റ മനുഷ്യനെ പോലെ ഉയിർത്തെഴുന്നേൽക്കണമെന്ന തിരിച്ചറിവ് കിട്ടിയത് സി.പി.എം. പോളിറ്റ് ബ്യൂറോ അംഗവും കമ്മ്യൂണിറ്റ്സ് ബുദ്ധിജീവിയുമായ സീതാറാം യെച്ചൂരിക്കാണ്. ദൗർഭാഗ്യകരമെന്നുപറയട്ടെ പകർന്നുനൽകിയ ഈ തിരിച്ചറിവ് പലപ്പോഴും മറന്നുപോകുന്നതും സി.പി.എം. അടക്കമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങൾ തന്നെയാകുന്നതിലെ 'വൈരുദ്ധ്യാധിഷ്ഠിത രാഷ്ട്രീയവാദം', ഒരെത്തും പിടിയും നൽകാത്ത നിലപാടാണ്. ഗോൾവാൾക്കറിന്റെ തീവ്രഹൈന്ദവതയെ പോലെതന്നെ ഇന്ത്യൻ മതേതര ജനാധിപത്യത്തെ അറുകൊല ചെയ്യാൻ പ്രയത്നിച്ചവരാണ് മൗദൂദികൾ എന്ന് പക്ഷെ ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷം പണ്ടുപണ്ടെ തിരിച്ചറിഞ്ഞതാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ജ്വലിച്ചുനിന്നൊരു ഘട്ടത്തിലാണ് മൗദൂദിസത്തിന്റെ രംഗപ്രവേശം. ദേശസ്നേഹികളായ മുസ്ലിം സമൂഹത്തെ 'ദൈവിക ദീനിനുപകരം പ്രജായത്ത ദീൻ നടപ്പിൽ വരുത്തുവാനായി സമരം ചെയ്യുന്ന കപട വിശ്വാസികളായി നോക്കിക്കണ്ട മൗദൂദിസം, മുസ്ലിംകളുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ 'ലാത്തക്കു പകരം മനാത്തയെ' കുടിയിരുത്താനുള്ള ഏർപ്പാടായാണ് ചിത്രീകരിച്ചത്. പക്ഷെ മുസ്ലിം സമൂഹം ആ തീവ്രവാദ ചിന്താധാരയെ പടിക്കുപുറത്തു നിർത്തിക്കൊണ്ട് തങ്ങളുടെ ഭൗതികാസ്ഥിത്വം കാത്തുസൂക്ഷിച്ചു. എന്നാൽ ജനാധിപത്യ ഇന്ത്യയെ ദൈവത്തിനെതിരെയുള്ള കള്ള ദൈവമായി വീക്ഷിച്ച മൗദൂദിസം മുസ്ലികൾക്കു മുന്നിൽ ഉയർത്തിക്കാട്ടിയ രാഷ്ട്രീയ വീക്ഷണങ്ങൾ ഇതായിരുന്നു. 'ഇന്ത്യയൊരു ത്വാഗൂത്താണ്. അതിനാൽ ഇതിന്റെ ഗവൺമെന്റ് ഉദ്യോഗങ്ങൾ മുസ്ലിംകൾക്കു സ്വീകരിക്കാൻ പാടില്ല. ഇതിന്റെ നീതിന്യായ വ്യവസ്ഥകളുമായി സഹകരിക്കരുത്. ഇതിന്റെ കലാലയങ്ങൾ കൊലാലയങ്ങളാണ്.'അല്ലാഹുവിന് സ്തുതി. അവിടെയും മുസ്ലിംകൾ വിവേകപൂർണമായ സമീപനം സ്വീകരിച്ചപ്പോൾ മൗദൂദിസം പടിക്കുപുറത്ത്. എന്നാൽ മൗദൂദിസമുണ്ടോ മതിയാക്കുന്നു. അവർ ഇന്ത്യൻ മുസ്ലിം സമൂഹത്തോട് ആർത്തുപുലമ്പിക്കൊണ്ടിരുന്നു. 'മുസ്ലിം സമൂഹമേ.... നിങ്ങൾ തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക, കാരണം അനിസ്ലാമികമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കലും അവക്ക് വോട്ട് നൽകലും തൗഹീദിന് വിരുദ്ധവും അനനുവദീയവുമാണ്. നിങ്ങളീ ജനാധിപത്യ ഇന്ത്യയുടെ കൊടിപിടിച്ചാൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജ്യദ്രോഹ കൊടി ഉയർത്തലാകും. നിങ്ങളിതിന്റെ സംസ്ഥാപനത്തിലും നടത്തിപ്പിലും പങ്കുവഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതരോടു ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും....''

പക്ഷെ ബുദ്ധിശൂന്യവും ആത്മഹത്യാപരവുമായ ഈ രാജ്യദ്രോഹ രാഷ്ട്രീയ വീക്ഷണങ്ങൾ ഇന്ത്യൻ മുസ്ലിംകൾ ഒരൊറ്റ മനുഷ്യനെപോലെ തള്ളിക്കളഞ്ഞപ്പോൾ മുസ്ലിംകൾ തെളിയിച്ചത് തങ്ങളുടെ ദേശസ്നേഹമാണ്. വിവേകമാണ്. അതുകൊണ്ട്തന്നെ ഇന്ത്യയിലെ ഓരോ മുസ്ലിം കുട്ടിപോലും കൃത്യമായി തിരിച്ചറിഞ്ഞൊരു യാഥാർത്ഥ്യമാണ് മൗദൂദിസത്തിന്റെ രാഷ്ട്രീയ വീക്ഷണങ്ങൾ തള്ളിക്കളയുന്നതിലാണ് മുസലിം സമൂഹത്തിന്റെ നന്മ നിലകൊള്ളുന്നത് എന്നത്. അത്ഭുതകരമെന്നുപറയട്ടെ, മുസ്ലിം ഇന്ത്യക്കു ലഭിച്ച ഈയൊരു തിരിച്ചറിവുപോലും പലപ്പോഴും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കു നഷ്ടപ്പെട്ടുപോകുന്നു. ഒരു കാര്യം, ഇടതുപക്ഷം ഏതുറക്കത്തിൽ നിന്നുണർത്തി ചോദിച്ചാലും പറയും. മൗദൂദിസം രാജ്യദ്രോഹപര

മാണ്. അതിനെ തള്ളികളയുന്നതിലാണ് ഇന്ത്യന്‍ സെക്യുലറിസത്തിന്റെ നന്മ നിലകൊളുന്നത്. ഇന്ത്യന്‍ ജനത ഒരൊറ്റ മനുഷ്യനെപോലെ തള്ളികളയേണ്ടതാണ് മൗദൂദിസമെന്ന് വയള് പറഞ്ഞവര്‍ തന്നെ മൗദൂദിസത്തെ ഒക്കത്ത് ചുമന്നുനടക്കുന്നത്, ചുരുങ്ങിയത് നാണം കെട്ടഏര്‍പ്പാടല്ലേ? എന്നാല്‍ ഏറ്റവും വലിയ ത്വാഗൂത്തെന്ന് മൗദൂദിസ്റ്റുകള്‍ ഓമനിച്ചു വിളിച്ച കമ്മ്യൂണിസ്റ്റുകളെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ജീഹാദീപോരാളികളാക്കി ഒക്കത്തുവലിച്ചു കേറ്റുന്നത് കാണുമ്പോള്‍ ആര്‍ക്കെങ്കിലും ഓക്കാനം വരുന്നുണ്ടെങ്കില്‍ കുറ്റം പറഞ്ഞിട്ടും കാര്യമുണ്ടോ? പക്ഷെ പാവം ഇടതുപക്ഷം വിചാരിക്കുന്നത് മൗദൂദിസത്തിനും തങ്ങള്‍ക്കുമിടയില്‍ സമന്വയത്തിന്റെ ഒരു ഭൂമിക സൃഷ്ടിച്ചെടുക്കാന്‍ തങ്ങള്‍ക്കു കഴിയുമെന്നാണ്. കാരണം നയ-നിലപാടുകള്‍ കൊണ്ട് തങ്ങളോട് ചേര്‍ന്നു നില്‍ക്കാന്‍ മൗദൂദിസ്റ്റുകള്‍ക്കും സാധിക്കുമെന്നാണവരുടെ പാഴ്ക്കിനാവ്. മുതാലാളിത്ത ചൂഷണം, സാമ്രാജ്യത്വം, അഴിമതി, വര്‍ഗീയത, ആഗോളവല്‍ക്കരണം, മണ്ണിനും മനുഷ്യനും വേണ്ടിയുള്ളപോരാട്ടം തുടങ്ങിയ വിഷയങ്ങളില്‍ ഇടതുപക്ഷത്തില്‍ വിശ്വാസമര്‍പ്പിക്കുന്നവരാണ് മൗദൂദിസ്റ്റുകളെന്നാണ് ഇടതുപക്ഷം എപ്പോഴും തെറ്റിദ്ധരിച്ചുപോരുന്നത്. വാസ്തവത്തില്‍ അത്തരത്തിലുള്ള യാതൊരു പോരാട്ടവീര്യവും ഇടതുപക്ഷത്തില്‍ നിന്നും മൗദൂദിസ്റ്റുകള്‍ പ്രതീക്ഷിക്കുന്നില്ലെന്നതാണ് യാഥാര്‍ത്ഥ്യം. ഇനിയൊരു വിപ്ലവം ഗര്‍ഭം ധരിക്കാനുള്ള യാതൊരു സാധ്യതയുമില്ലാത്ത വിധം വന്ധ്യയാക്കപ്പെട്ടു ഇടതുപക്ഷപ്രസ്ഥാനങ്ങളെന്നാണ് മൗദൂദിസ്റ്റുകള്‍ അടക്കം പറയുന്നത്. പിന്നെ പിന്തുണക്കുന്നതെന്തിനെന്നാകും ഇടതന്മാര് ചിന്തിക്കുന്നത്.  തുറന്നുപറഞ്ഞാല്‍ വിഷമം തോന്നരുത്. തങ്ങളുടെ അവസരവാദ രാഷ്ട്രീയത്തില്‍ ഒരു വിഡ്ഢിയെപ്പോലെ കണ്ണും തുറിച്ച് നില്‍ക്കാന്‍ ഇനിയും ഇടതുപക്ഷം ബാക്കി കാണും എന്ന തിരിച്ചറിവാണ് മൗദൂദിസ്റ്റുകള്‍ക്ക് ഇത്രമാത്രം ഇടതുപക്ഷത്തിനുമേല്‍ കുതിരകയറാനുള്ള നെഞ്ചൂക്ക് നല്‍കുന്നത്. കണ്ണുതുറക്കാന്‍ ഇടതുപക്ഷത്തിന് താല്‍പര്യമുണ്ടെങ്കില്‍ കണ്ണുതുറന്നുകാണാം ഇടതുപക്ഷത്തെ കുറിച്ചുള്ള മൗദൂദിസ്റ്റുകളുടെ യഥാര്‍ത്ഥ കാഴ്ച്ചപ്പാട്. കഴിഞ്ഞ ഇലക്ഷനുകളില്‍ ഇടതുപക്ഷത്തെ പിന്തുണക്കാനായി മൗദൂദിസ്റ്റുകള്‍ പറഞ്ഞ ഏറ്റവും വലിയ ന്യായമാണ് ഇടതുപക്ഷം സാമ്രാജ്യത്വവിരുദ്ധ പോരാളികളാണ് എന്നത്. വാസ്തവത്തില്‍ ഇടതുപക്ഷത്തെ ഒന്നു സുഖിപ്പിക്കുവാനും പാവപ്പട്ട ജാമാഅത്തെഇസ്ലാമി അനുഭാവികളെ വിഡ്ഢിയാക്കാനും വേണ്ടി മാത്രം അവര്‍ പറഞ്ഞൊപ്പിച്ചൊരു രാഷ്ട്രീയ കാപട്യം മാത്രമാണതന്നു മനസ്സിലാക്കാന്‍ 2006 മാര്‍ച്ച് 25ന് ഇറങ്ങിയ പ്രബോധനം വാരികയില്‍ ഒന്നു കണ്ണോടിച്ചാല്‍ മാത്രം മതി.

''സ്വന്തമായ വികസനബോധവും മാതൃകയുമുണ്ടായിരുന്ന കേരളം പോലും ആഗോളവത്കരണത്തെ തുടര്‍ന്ന് ആകെ മാറിയിരിക്കുകയാണ്. കേരളീയ മാതൃകയുടെ ഉപജ്ഞാതാക്കളായ ഇടതുപക്ഷ വിഭാഗങ്ങള്‍ ഏതാണ്ട് പൂര്‍ണ്ണമായിതന്നെ ആഗോളവത്ക്കരണത്തിന്റെ വികസന അജണ്ടക്ക് വിധേയമായിക്കഴിഞ്ഞിരിക്കുന്നു. വികസനത്തിന്റെ മറവിലുള്ള അധിനിവേഷങ്ങളെ അനിവാര്യമായ ധനസമാഹരണ പരിപാടികളായി ലഘൂകരിക്കുന്ന പ്രതിലോമപരത ഇടതുപക്ഷ ബുദ്ധിജീവികളേയും പിടികൂടിയിരിക്കുന്നു. സാമ്രാജ്യത്വ അധിനിവേശ കാഴ്പ്പാടുകള്‍ക്കനുസൃതമായി കേരളീയവികസനത്തിന് സിദ്ധാന്തം ചമക്കാനായി ഇടതുപക്ഷ മുന്‍കയ്യില്‍ പഠന കോണ്‍ഗ്രസ്സുകളും ഗവേഷണങ്ങളും നടക്കുന്ന പശ്ചാത്തലത്തിലാണ് ഇത്തരമൊരു വിഷയം തുറന്ന ചര്‍ച്ചക്കായി സമര്‍പ്പിക്കുന്നത്'' (പ്രബോധനം 2006 മാര്‍ച്ച് 25)

രണ്ടായിരത്തി ആറില്‍ സാമ്രാജ്യത്വ പോരാട്ടങ്ങളില്‍ ഇടതുപക്ഷത്തെ വിശ്വാസത്തിലെടുക്കാന്‍ കഴിയില്ലെന്ന് പറഞ്ഞവര്‍ അല്പം വര്‍ഷം തികയുമ്പോഴേക്കും ഇടതുപക്ഷത്തെ സാമ്രാജ്യത്വ വിരുദ്ധപോരാളിയായി ചിത്രികരിക്കുമ്പോള്‍ വിഡ്ഢിയാക്കപ്പെടുന്നത് പാവം ഇടതുപക്ഷവും അതിലും പാവം ജമാഅത്ത് അനുഭാവികളും. എന്തിനീ വഞ്ചന.? തീര്‍ന്നില്ല...

''അധിനിവേശത്തിനെതിരെ കൃത്യമായ നിലപാട് സ്വീകരിക്കാത്ത ഇടതുപക്ഷം ആത്മനാശത്തിലേക്കാണ് ഓടിയടുക്കുന്നതെന്ന് സെമിനാര്‍ വിലയിരുത്തി. അധിനിവേശ തന്ത്രങ്ങള്‍ക്കെതിരെയുള്ള ഇടതുപക്ഷത്തിന്റെ കുറ്റകരമായ മൗനവും വലതുപക്ഷ വീക്ഷണങ്ങളുടെ അന്ധമായ സ്വാംശീകരണവും കേരളത്തെ വിനാശത്തിലാഴ്ത്തുമെന്ന് ചര്‍ച്ചയില്‍ പങ്കെടുത്തവര്‍ മുന്നറിയിപ്പ് നല്‍കി. പുത്തന്‍ സാമ്പത്തിക നയത്തെ ചെറുക്കാന്‍ ഇടതുപക്ഷം ഇതുവരെ സജ്ജമായിട്ടില്ല. വികസന വിഷയങ്ങളില്‍ ഇടതുപക്ഷത്തിന് സംഭവിച്ച നയവൈകല്യങ്ങള്‍ ഇടതുപക്ഷവും

വലതുപക്ഷവും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കുന്നുവെന്ന് സെമിനാർ വിലയിരുത്തി.''(പ്രബോധനം 2006 മാർച്ച് 25)

പോരെ പൂരം! ഇടതുപക്ഷത്തിനു എന്തെങ്കിലും വ്യത്യാസം പോലും ദർശിക്കാൻ ജമാഅത്ത് തയ്യാറല്ല. അതും ഒരു വലതുപക്ഷം കണക്കെ നിലകൊള്ളുന്നുപോലും. എന്നിട്ടും പിന്തുണ ഇടതുപക്ഷത്തിനുതന്നെ. ഇനിയും തീരുന്നില്ല ഇടതുപക്ഷത്തിനുള്ള പഴികൾ.

''ജാതി – മത – സാമുദായിക വിധ്വംസക ശക്തികളെ അവഗണിച്ചുകൊണ്ട് പരീക്ഷണം തുടരാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇടതുപക്ഷത്തിനുപോലും നഷ്ടപ്പെട്ടുവെന്നതാണ് വിമോചന സമരത്തിന്റെ ഏറ്റവും വലിയ ദുരന്തം. വിമോചന സമരം ഉയർത്തിയ പ്രതിലോമ രാഷ്ട്രീയത്തെ ജനപക്ഷ രാഷ്ട്രീയംകൊണ്ട് ചെറുക്കാനുള്ള ഗൗരവബോധം ഇടതുപക്ഷധാരക്ക് പിന്നീടുണ്ടായില്ല'' (പ്രബോധനം 2006 മാർച്ച് )

വർഗ്ഗീതയതക്കെതിരെയാണ് ഇടതുപക്ഷമെന്ന് ഇടക്കിടെ പുലമ്പിക്കൊണ്ടിരിക്കുന്നവരുടെ ഉള്ളുതുറന്നപ്പോൾ കേട്ടില്ലെ പണ്ടേ ചത്തൊരു പ്രസ്ഥാനമത്രെ ഇടതുപക്ഷം. ഇടതുപക്ഷം നെഞ്ചിലേറ്റിയവർ ഇടതു നെഞ്ചുതന്നെ തകർക്കുന്ന പിടിപ്പതുപണിയിലാണ്. ഇടതുപക്ഷം ജാഗ്രതൈ!

''ഭൂമി എന്തിന് എന്ന ചോദ്യത്തിന് കേരളം ഇന്നുപറയുന്നത് മുതലാളിത്ത ഉത്തരമാണ്. ഭൂമിയെ കേവലം കച്ചവടച്ചരക്കാക്കി മാറ്റുന്ന റിയൽ എസ്റ്റേറ്റ് ലോബിയെ ചെറുക്കാൻ ഇടതുപക്ഷ സാന്നിധ്യത്തിന് കഴിയുന്നില്ലെന്നു മാത്രമല്ല; റിയൽ എസ്റ്റേറ്റ് ലോബിയുടെ ചാകരയായി മാറാൻ പോകുന്ന 'എക്സ്പ്രസ് ഹൈവേ പദ്ധതി' പൊടിതട്ടിയെടുക്കാനുള്ള ആസൂത്രിത ശ്രമത്തിലാണിപ്പോൾ ചില സി. പി. എം., എം. എൽ.എമാർ ഏർപ്പെട്ടിരിക്കുന്നത്'' (പ്രബോധനം 2006 – മാർച്ച് 25)

റിയൽ എസ്റ്റേറ്റ് ലോബിക്കുവേണ്ടി മുതലാളിത്ത ഉത്തരം പറയുന്നവരാണുപോലും ഇടതുപക്ഷം. ഏതെങ്കിലും ജമാഅത്തുകാരൻ വലതുപക്ഷത്തേക്ക് മാറിചിന്തിക്കാൻ ധാരാളംമതി ഈ 'മദ്ഹ്' പാടൽ. ''കേരളത്തിന്റെ വ്യവസായ വത്കരണത്തിന് മുതലാളിത്ത പാതയിൽ നിന്ന് ഭിന്നമായ ഒരു ദിശ പ്രദാനം ചെയ്യുന്നതിൽ ഇടതുപക്ഷം അമ്പേ പരാജയപ്പെട്ടു'' (പ്രബോധനം 2006 മാർച്ച്) മുതലാളിത്ത ചിന്ത ചോരയൂറ്റികുടിച്ച വെറുമൊരു പിണ്ഡംമാത്രമാണത്രെ ഇടതുപക്ഷം.

''കരിമണൽ ഖനനവും കളിമൺ ഖനനവും കേരളത്തിനേൽപിച്ചുകൊണ്ടിരിക്കുന്ന പരിക്കുകൾ ഗൗരവത്തിലെടുത്ത് ചികിത്സിക്കാനുള്ള ജനപക്ഷവും ഇടതുബ്ലോക്കിൽ ഇനിയും ശക്തിപ്പെട്ടിട്ടുവേണം. സാമൂഹിക – രാഷ്ട്രീയ – പാരസ്ഥിതിക പ്രത്യാഘതങ്ങളെകുറിച്ച് അൽപവും ചിന്തിക്കാതെ കോക് – പെപ്സി ഗ്രൂപ്പുകളെ കേരളത്തിൽ കുടിയിരുത്തിയതിനു പിന്നിൽ ഇടതു ആസൂത്രണവും പങ്കുവഹിച്ചുവെന്ന യഥാർത്ഥ്യം നമ്മെഏറെ ഉത്കണ്ഠപ്പെടുത്തുന്നു. മുതലാളിത്ത വിരുദ്ധ സമരപാരമ്പര്യം ഏറെയുള്ള ഇടതു ബ്ലോക്ക് പ്ലാച്ചിമടയിലും കഞ്ചിക്കോട്ടും നേരമ്പോക്കുകളാണ് കളിക്കുന്നതെന്നറിയുമ്പോൾ അധിനിവേശം, ഇടതിനെ ആവാഹിച്ചു എന്ന് എങ്ങനെ പറയാതിരിക്കും.? പശ്ചിമ ബംഗാളിൽ ബുദ്ധദേവ് ഭട്ടാചാര്യ അഞ്ച് കോള ഫാക്ടറികൾക്ക് പരിസ്ഥിതി സൗഹൃദ അവാർഡ് നൽകിയത് ഇതോട് ചേർത്തുവായിക്കുക'' (പ്രബോധനം 2006 മാർച്ച് 25 )

ബഹുരാഷ്ട്ര കുത്തകൾക്കും, മുതലാളിത്തിനുമെതിരെ നേരമ്പോക്കുകളിക്കുന്നവരെന്ന് വിളിച്ചുകൂവാതിരിക്കാൻ ജമാഅത്തിനു കഴിയാത്തത്, അധിനിവേശം ഇടതിനെ ആവാഹിച്ചു എന്ന തിരിച്ചറിവുകൊണ്ടു മാത്രമാണത്രെ!

‘‘ജാതി – സാമുദായിക – സമ്പന്ന ഭീമന്മാരിൽ നിന്ന് പങ്കുപറ്റാനല്ലാതെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ ഇടതുപക്ഷം യഥാർഥത്തിൽ എന്തുചെയ്തു എന്നതിന് ഉത്തരം കിട്ടിയിട്ടില്ല’’ (പ്രബോധനം 2006 –മാർച്ച് 25)

വിദ്യാഭ്യാസ മേഖലയിൽ ജാതി – സാമുദായിക – സമ്പന്നന്മാർക്ക് കീഴ്പ്പെട്ട ഇടതുപക്ഷത്തിൽ നിന്നും ജമാഅത്തിനിയൊരിക്കലും ഒരു വിപ്ലവവും പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ടാ ഞമ്മള് ‘സോളിഡാരിറ്റി’യെന്നൊരു വിപ്ലവകുട്ടിയെ പാലൂട്ടി വളർത്തുന്നത്. സ്വകാര്യമായി പറഞ്ഞാൽ ഇടതുപക്ഷത്തിനൊരു ബദൽ.

‘‘കാമ്പസുകൾക്കകത്തെ ഇടതുപക്ഷ സമീപനങ്ങൾ ജനാധിപത്യപരമല്ല. പൊതു വിദ്യാലയങ്ങളിൽ ഏകാധിപത്യ സമഗ്രാധിപത്യ സമീപനം സ്വീകരിക്കുമ്പോൾ കോർപറേറ്റ് ജന്മിത്വത്തോട് ഒരു വഴക്കിനും പോകാത്ത, ഒരു കോച്ചിംഗിനും തടസ്സം സൃഷ്ടിക്കാത്ത, കമ്മ്യൂണിസ്റ്റുകാർ ഉൾപ്പെടെയുള്ള കുമാരി – കുമാരന്മാരുടെ ഹോംവർക്കുകൾ അൽപവും അലോസരം സൃഷ്ടിക്കാത്ത സമീപനമാണ് ഇടത് വിദ്യാർത്ഥി അധ്യാപക യൂണിയനുകൾക്കുള്ളത്.’’ (Ibid:P:13)

കോർപറേറ്റ് ജന്മിത്വത്തോട് കീഴാളമനോഭാവവും മറ്റുള്ളവരോട് മുട്ടാള മനോഭാവവുമാണത്രെ ഇടതു വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക്. ചവിട്ടി അരക്കുക എന്നുപറഞ്ഞാൽ ഇങ്ങനെയിരിക്കണം. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ധാരാളം കൊണ്ടുപഠിക്കാനുണ്ട് നമ്മുടെ ‘ഇസ്‌ലാമിസ്റ്റു’കളുടെ അവസരവാദ സുവിശേഷം. ഏതായാലും ജമാഅത്തിനും ഓതാനുണ്ട് ഇടതുപക്ഷത്തിനെതിരെ ഇമ്മിണി ‘ഇടയ ലേഖനങ്ങൾ’

‘‘പൊതുജനാരോഗ്യ കേന്ദ്രങ്ങൾ തകരുമ്പോൾ, കോർപറേറ്റ് ഹോസ്പിറ്റലുകൾ വളരുമ്പോൾ സമാന്തരമായി എ.കെ.ജി. – ഇ.എം.എസ്. ഹോസ്പിറ്റലുകൾ കെട്ടിപ്പടുക്കലാണ് തങ്ങളുടെ ബാധ്യത എന്നതായിരുന്നു പിന്നീടുള്ള വിപ്ലവ ചിന്ത’’(Ibid:P:13)

റോമ നഗരം കത്തുമ്പോൾ ആരോ പണ്ട് വീണ വായിച്ചപോലെ, പൊതുജനാരോഗ്യകേന്ദ്രങ്ങൾ തകരുമ്പോൾ പാർട്ടീ ഓഫീസിൽ വിപ്ലവ ഗാനം പാടലാണത്രെ ഇടതുപക്ഷ വിപ്ലവചിന്ത. പൊതുജനത്തോട് ഇത്ര ശത്രുത കാട്ടാൻമാത്രം എന്തുവിരോധമാണാവോ സഖാക്കൾക്കുള്ളതെന്നുകൂടി ജമാഅത്ത് ശൂറ കൂടിയങ്ങു പറഞ്ഞുതന്നാൽ ഇടതുപക്ഷം പപ്പടപരുവം. ഇപ്പംമനസ്സിലായോ പാർലിമെന്റിലക്ഷനിൽ (2009) കാറ്റുപോയ ബലൂൺ കണക്കെ ആയിതീർന്നതിന്റെ രഹസ്യം. ജനങ്ങൾ ജമാഅത്തിന്റെ ‘ഇടയലേഖനം’ കണ്ടുകാണും.

‘‘നവ ലിബറൽ ലൈഗീകത പ്രചരിപ്പിക്കുകയും അതിന്റെ വക്താവാകാൻ ഇടതുപക്ഷംപോലും ശ്രമിക്കുകയും ലൈംഗീകത ഒരു തൊഴിലാണെന്ന് വരുത്താൻ പണിയെടുക്കുകയും ചെയ്യുന്ന നിലപാടുകൾ ചോദ്യം ചെയ്യപ്പെടണം. (Ibid:P:13)

എന്തൊരു ഗതികേടായിപ്പോയിത്. ജമാഅത്തുകാരൻ ചോദ്യം ചെയ്യാൻ പോകുന്നു ഇടതുപക്ഷത്തെ സബബ് (കാരണം) പഠിപ്പിക്കാനും മറക്കല്ലേ. ജമാഅത്തുകാരെങ്ങാനും വോട്ടുമറിച്ചാൽ കേരളത്തിൽ പിന്നെ വല്ല മുന്നണിയുമുണ്ടോ? പിന്തുണ വാങ്ങുമ്പോളോർക്കണം അവസരവാദികളാണെന്ന്. അല്ലെങ്കിൽ ഇതു തന്നെ ഫലം. ചവിട്ടി അരച്ചുകളഞ്ഞേക്കും.

‘‘ത്വരിതഗതിയിലുള്ള നഗരവത്കരണം അസമത്വം വർദ്ധിപ്പിക്കുന്നതിനും ക്രിമിനൽ വത്കരണം ശക്തിപ്പെടുത്തുന്നതിനും വലിയ കാരണമായി തീർന്നിരിക്കുകയാണ്. വേശ്യവൃത്തി, പെൺവാണിഭം, ഹോട്ടലുകൾ കേന്ദ്രീകരിച്ചുള്ള സെക്സ് ഇൻഡസ്ട്രി, പണമിടപാട് മാഫിയാ ഗ്രൂപ്പുകൾ, ലഹരി റാക്കറ്റ്, സ്വവർഗ്ഗ – ലസ്ബിയൻ ക്ലബ്ബുകൾ എന്നിവ കേരളീയ സാംസ്കാരികബോധത്തെ വെല്ലുവിളിച്ചുകൊണ്ട് തഴച്ചുവളരുന്നു. മുതലാളിത്തത്വത്തിന്റെ ഈ സാംസ്കാരിക മേൽക്കോയ്മയെ ചെറുക്കാനുള്ള ചെറുവിരലനക്കം പോലും ഇടതു ബുദ്ധിജീവി മണ്ഡലത്തിലും യുവജന വിദ്യാർത്ഥി ചേരിയിലും ദൃശ്യമല്ല. ഗുണ്ടാവിളയാട്ടവും, ഗുണ്ട – പോലീസ്

കൂട്ടുകെട്ടും സായുധ ക്രമിനൽ ഗ്രൂപ്പുകളുടെ വളർച്ചയും കേരളീയ നഗരങ്ങളെ മുബൈ വത്ക രിച്ചുകൊണ്ടിരിക്കെ, സാമ്രാജ്യത്വ അധിനിവേശത്തിന്റേതും മുതലാളിത്ത സാംസ്കാരിക ജന്മി ത്വത്തിന്റേതുമായ നഗ്നമായ കടന്നാക്രമണങ്ങളെ മൗലിക വിശകലനത്തിനു വിധേയമാക്കാൻ ഇടതു പക്ഷത്തിനു സാധിച്ചിട്ടില്ല'' (Ibid:P:13)

'ഇനിയിപ്പം എന്തിനാ ഒരു ഇടതുപക്ഷം'എന്ന ചിന്താഗതി വളർത്തിയതാരെന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ തിരിച്ചറിയാതിരുന്നിട്ടുകാര്യമില്ല. സ്വന്തം നിലനിൽപ്പുമാത്രമല്ല, ഇന്ത്യൻ ജനാധി പത്യത്തിന്റെ നിലനിൽപ്പിനും ഇത്തരം അവസരവാദ രാഷ്ട്രീയകാരെ തള്ളിപ്പറയുന്നതാണ് നല്ല ത് എന്ന് ഇടതുപക്ഷം മനസിലാക്കി, പിന്നെ നന്നായി ഒന്ന് പെരുമാറി. കിനാലൂരിലെ തല്ലിന്റെ ചൂട് എന്നിട്ടും പെട്ടന്ന് മറന്നത് അതിവിചിത്രം തന്നെ.

സത്യസന്ധമായ  ഒരു നിലപാട് മതരംഗത്തോ രാഷ്ട്രീയ രംഗത്തോ സ്വീകരിക്കാത്ത ഈ അവ സരവാദികളെ മുസ്‌ലിം സമൂഹം തിരിച്ചറിഞ്ഞതുപോലെ ഇടതുപക്ഷവും തിരിച്ചറിഞ്ഞോ എന്ന് അറിയില്ല.!!!

**വാൽ കഷ്ണം**

''ജീവിതത്തെയും മനുഷ്യനേയും പണവും, പദാർത്ഥവുമായി നിർവചിച്ച മുതലാളിത്ത മേൽക്കോയ്മയെ ചെറുക്കാനുള്ള ശേഷി ഇടതുപക്ഷത്തിന് സ്വതവേയില്ല. അതിനാൽ മൗലിക തയും ധാർമ്മികതയും സാർഗാത്മക രാഷ്ട്രീയ വിചാരവും ആത്മീയ ഉള്ളടക്കവും ഒത്തു ചേർന്ന ജനകീയ സംസ്കാരിക പ്രസ്ഥാനം വർത്തമാനത്തിന്റെ അനിവാര്യതയായി തീർന്നിരി ക്കുന്നു'' (പ്രബോധനം 2006 മാർച്ച് 25)

കൊള്ളാം ഞമ്മക്കും വേണം ഒരു രാഷ്ട്രീയ പാർട്ടി. അതിന് ഇടതുപക്ഷത്തിന്റെ കഴുത്ത്തന്നെ ഞെരിക്കണം. കാരണം, ഇൻക്വിലാബ് സിന്ദാബാദ്, സോളിഡാരിറ്റി സിന്ദാബാദ്..... അല്ല വെൽ ഫയർ പാർട്ടി സിന്ദാബാദ്.....!!! ഇതെന്താ സാധനം... ആവോ, കാത്തിരുന്ന് കാണാം.